## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 98

13/06/2013-ൽ
മറുപടിയ്ക്ക്

**ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് പദ്ധതി**

**ചോദ്യം**

ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി :
ശ്രീ.എൻ.എ.നെല്ലിക്കുന്ന് :
ശ്രീ. റ്റി.എ.അഹമ്മദ് കബീർ :
ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഗവേഷണ പ്രവർത്തനങ്ങളും കണ്ടുപിടുത്തങ്ങളും പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ; | (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഗവേഷണ പ്രവർത്തനങ്ങളും കണ്ടുപിടുത്തങ്ങളും പ്രോത്സാഹിപ്പിക്കാനായി എക്സലൻസ് പ്രമോഷൻ സ്കീം, ഇന്നവേഷൻ പ്രമോഷൻ സ്കീം എന്നീ പദ്ധതികൾ ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക് എക്സലൻസ് പരിപോഷിപ്പിക്കുന്നതിലേക്കായി വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മികച്ച അന്താരാഷ്ട്ര ജേണൽ പ്രസിദ്ധീകരണങ്ങളേയും കണ്ടുപിടുത്തങ്ങൾ നടത്തി ലഭിച്ചിട്ടുള്ള പേറ്റന്റുകളേയും പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് എക്സലൻസ് പ്രമോഷൻ സ്കീം. ഇതിൻ പ്രകാരം മികവുറ്റ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾക്ക് അയ്യായിരം രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു. പേറ്റന്റുകൾക്ക് ഒരു ലക്ഷം രൂപയും സർട്ടിഫിക്കറ്റും നൽകുവാൻ ഉദ്ദേശിക്കുന്നു. വിദഗ്ധർ അടങ്ങുന്ന ഒരു കമ്മിറ്റിയായിരിക്കും അവാർഡുകൾ ലഭിക്കുന്നവരെ തീരുമാനിക്കുക. വിദ്യാർത്ഥികൾ തയ്യാറാക്കുന്ന വ്യാവസായിക പ്രാധാന്യമുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇന്നവേഷൻ പ്രമോഷൻ സ്കീം. സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ജില്ലാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന മികവുറ്റ ആശയങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇതിന് മേൽനോട്ടം വഹിക്കുന്ന അദ്ധ്യാപകൻ അടങ്ങുന്ന ഓരോ ടീമിനും നമ്മുടെ രാജ്യത്തിലെ വ്യവസായ നഗരങ്ങളും വ്യവസായ സ്ഥാപനങ്ങളും |

| | | | |
|---|---|---|---|
| | | | സന്ദർശിക്കുന്നതിന് അവസരമൊരുക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ബി) | ഇതിനായി പ്രഖ്യാപിച്ചിട്ടുള്ള ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് എന്ന പദ്ധതി തയ്യാറായിക്കഴിഞ്ഞോ ; എങ്കിൽ വിശദവിവരം നൽകാമോ ; | (ബി) | തയ്യാറായിക്കഴിഞ്ഞു.<br>എക്സലൻസ് പ്രമോഷൻ സ്കീം, ഇന്നവേഷൻ പ്രമോഷൻ സ്കീം കൂടാതെ പുതുതായി അദ്ധ്യാപന സേവനത്തിനായി പ്രവേശിപ്പിച്ചിട്ടുള്ളവർക്കായുള്ള നൂതന പരിശീലന പദ്ധതികളും ഉൾക്കൊള്ളുന്ന ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് പരിപാടിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായി കഴിഞ്ഞു. ഇത് നടപ്പിലാക്കുന്നതിനായി ഒരു കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. അദ്ധ്യാപക പരിശീലന പരിപാടികൾക്കായുള്ള ഒരു വിഭാഗം രൂപീകരിക്കുന്നതാണ്. അദ്ധ്യാപന-ഗവേഷണ പരിശീലനങ്ങൾ നയിച്ച് പ്രാവീണ്യം തെളിയിച്ച ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ മുൻ പ്രൊഫസർ എൻ.ജെ.റാവുവാണ് ഇത് നയിക്കുക. ഇതിനായി രണ്ടുവട്ടം ചർച്ച നടത്തുകയുണ്ടായി. |
| (സി) | ഇതു സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥി സമൂഹത്തിന് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | ആദ്യഘട്ടത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് / എൻജിനീയറിംഗ് കോളേജുകളിലും, സർവ്വകലാശാല വകുപ്പുകളിലും നടപ്പിലാക്കുന്ന ഈ പ്രോഗ്രാം അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി സി.ഡിറ്റ് നിർമ്മിക്കുന്ന ഹ്രസ്വചിത്രം പ്രസ്തുത കോളേജുകളിൽ പ്രദർശിപ്പിക്കുകയും വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പ്രചരണം നൽകുകയും ചെയ്യുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ